# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T1637 — 10.02.2020-ലെ മറുപടിക്ക്

### അനധികൃത ഫ്ലാറ്റ് പൊളിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റോജി എം.ജോൺ | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മരടിലെ അനധികൃത ഫ്ളാറ്റ് പൊളിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഓരോ ഫ്ളാറ്റ് സമുച്ചയത്തിലും ഫ്ളാറ്റുകൾ വിലക്ക് വാങ്ങി രജിസ്റ്റർ ചെയ്ത ഫ്ളാറ്റുടമകൾക്ക് ലഭിക്കുന്നതിന് അർഹതയുണ്ടോ; | (എ) ഈ വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനാ വിഷയമായ തിനാൽ ബഹു:സുപ്രീം കോടതിയുടെ അന്തിമ വിധിക്കു വിധേയമായി മാത്രം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| (ബി) ഫ്ളാറ്റ് പൊളിച്ച സ്ഥലത്ത് നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അനുമതി തേടി പുതിയവ പണിയുവാൻ സാധിക്കുമോ; വിശദമാക്കാമോ; | (ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, കെ.എം.ബി.ആർ.2019, CRZ Rule, Structural Zone Notification, Wetland Act എന്നിവക്ക് വിധേയമായി പ്ലാൻ സമർപ്പിക്കുന്ന മുറക്ക് സ്ഥലപരിശോധന നടത്തി മാത്രമേ നിർമ്മാണാനുമതി നൽകുന്ന കാര്യം തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) ഫ്ളാറ്റ് ഉടമകൾക്ക് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; പ്രസ്തുത നഷ്ടപരിഹാരത്തുക അനധികൃതമായി ഫ്ളാറ്റ് നിർമ്മിച്ച നിർമ്മാതാക്കളിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) നൽകിയിട്ടുണ്ട്. മരട് മുനിസിപ്പൽ സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള കെട്ടിട ഉടമകൾക്കെല്ലാം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ഇതുവരെ 59,32,32,780/- (അൻപത്തൊൻപത് കോടി മുപ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി എൺപത്) രൂപ ചെലവഴിച്ചിട്ടുണ്ട്. നഷ്ടപരിഹാര തുക അനധികൃതമായി ഫ്ലാറ്റ് നിർമ്മിച്ച നിർമ്മാതാക്കളിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുവാൻ മരട് മുൻസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ